(ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് എന്നാണ് ;

(സി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്ഷീരസംഘം ജീവനക്കാരുടെ വേതനത്തിന്റെ തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് 2008-ൽ 15-12-2008-ലെ സ.ഉ.(പി)നമ്പർ 210/08 നമ്പർ ഉത്തരവു പ്രകാരമാണ്.

(സി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 20-8-2014-ലെ സ.ഉ.(സി) നമ്പർ 1526/14/എഡി ഉത്തരവുപ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു ഒമ്പതംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ക്ഷീരഗ്രാമം പദ്ധതി

82 (3049) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ക്ഷീരഗ്രാമ 'പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ കുന്നുകരയിലും കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവിലും ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശങ്ങളിലെ പാലുല്പാദന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കി പ്രാദേശിക സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യമിട്ടാണ് ടി പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്.

(സി) ക്ഷീരഗ്രാമം ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്ന വിഷയം തത്കാലം പരിഗണനയിലില്ല.

(ഡി) കുന്നുകര ക്ഷീരഗ്രാമം പദ്ധതിക്കും പൊട്ടംപ്ലാവ് ക്ഷീരഗ്രാമം പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തവയായതിനാൽ നിലവിൽ വകുപ്പിനനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽനിന്നും റീ-അപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്തി പൊട്ടംപ്ലാവ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. കുന്നുകര ക്ഷീരഗ്രാമം പദ്ധതിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത

83 (3050) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്ത് എതൊക്കെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പാലിന്റെ വില വർദ്ധിപ്പിച്ചാലും വർദ്ധനവിന്റെ പൂർണ്ണമായ ഫലം ക്ഷീരകർഷകർക്ക് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly